പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 4310 21.07.2015 - ൽ മറുപടിയ്ക്ക്

## കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രീയ

ചോദ്യം

ശ്രീ. അൻവർ സാദത്ത്

ശ്രീ. ജോസഫ് വാഴയ്ക്കൻ

ശ്രീ. ടി.എൻ. പ്രതാപൻ

ശ്രീ. കെ.ശിവദാസൻ നായർ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേൾവി വൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതി എന്ന് മുതലാണ് ആവിഷ്കരിച്ചത് ; | (എ) | 22.12.2011 ലെ സ.ഉ (എം.എസ്) നമ്പർ 61/2011/സാക്ഷേവ പ്രകാരമാണ് കേൾവി വൈകല്യമുള്ള കുട്ടികൾക്ക്. കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. |
| (ബി) | നാളിതുവരെ എത്ര കുട്ടികൾക്ക് പ്രസ്തുത ചികിത്സാ സൗജന്യം നൽകിയിട്ടുണ്ട് ; ശസ്ത്രക്രിയയുടെ ശരാശരി ചെലവ് എത്ര രൂപയാണ് ; | (ബി) | 461 കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രീയകൾ നടത്തി നൽകിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം ഒരു ഇംപ്ലാന്റിന്റെ വില 4,56,521/- രൂപയും 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഒരു ഇംപ്ലാന്റിന്റെ വില 4,60,000/- രൂപയുമാണ്. 2015-16 സാമ്പത്തിക വർഷം ഒരു ഇംപ്ലാന്റിന്റെ വില 4,45,000/- രൂപയാണ്. സർജറിക്കായി എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളെ തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനായി ഒരു കുട്ടിക്ക് 50,000/- രൂപ നിരക്കിൽ പ്രൈവറ്റ് ആശുപത്രികൾക്ക് നാലു ഗഡുക്കളായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ അനുവദിക്കുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് ഈ ശസ്ത്രക്രിയ സൗകര്യം ലഭ്യമായ ആശുപത്രികൾ ഏതെല്ലാമാണ് ; | (സി) | ശ്രുതിതരംഗം പദ്ധതിയിലൂടെ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രീയ നടത്തുന്ന സർക്കാർ/പ്രൈവറ്റ് ആശുപത്രികൾ താഴെപ്പറയുന്നവയാണ്.<br>1. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം. |

| | | | |
|---|---|---|---|
| | | | 2. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.<br>3. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം.<br>4. ഡോ. നൗഷാദ്സ് ഇ.എൻ.ടി ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസർച്ച് സെന്റർ, എറണാകുളം.<br>5. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, എറണാകുളം.<br>6. വെസ്റ്റ് ഫോർട്ട് ഹൈടെക് ആശുപത്രി, തൃശ്ശൂർ.<br>7. അസെന്റ് ഇ.എൻ.ടി ആശുപത്രി, പെരിന്തൽമണ്ണ.<br>8. കിംസ് ആശുപത്രി, തിരുവനന്തപുരം<br>9. സാന്ത്വന ആശുപത്രി, തിരുവനന്തപുരം<br>10. ഡോ. മനോജ്സ് ഇ.എൻ.ടി സൂപ്പർ സ്പെഷ്യാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ, കോഴിക്കോട്.<br>11. മിംമ്സ് ആശുപത്രി, കോഴിക്കോട്. |

സെക്ഷൻ ഓഫീസർ